# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 655:** **19/03/2013- ൽ മറുപടിക്ക്**

## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്

**ചോദ്യം** **ഉത്തരം**

**ശ്രീ. ജി. എസ്. ജയലാൽ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ആകെ എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര ; താൽക്കാലിക ജീവനക്കാർ എത്ര ; മറ്റു തരത്തിലുള്ള ജീവനക്കാർ എത്ര ; കാർഗോ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ എത്ര ; | (എ) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ആകെ 78 ജീവനക്കാരാണുള്ളത്. ഇതിൽ 72 സ്ഥിരം ജീവനക്കാരുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ 2 പേർ താല്ക്കാലികമായി ജോലി ചെയ്യുന്നു. മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം 4 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ആകെയുള്ള 78 ജീവനക്കാരിൽ 40 പേർ കാർഗോ വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഈ സ്ഥാപനം ഏതെങ്കിലും വിദേശ കമ്പനികളുമായി ചേർന്ന് കാർഗോ ഓപ്പറേഷൻ നടത്താൻ ധാരണയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ വിദേശ കമ്പനി ഏതാണ്; ഇവരുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഏതെങ്കിലും വിദേശ കമ്പനികളുമായി ചേർന്ന് കാർഗോ ഓപ്പറേഷൻ നടത്താൻ ധാരണയുണ്ടായിട്ടില്ല. |
| (സി) | ഈ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) | ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. |

(ഡി) ഈ സ്ഥാപനം കഴിഞ്ഞ ആറു വർഷത്തിൽ ഓരോ വർഷവും നേടിയ ലാഭം എത്ര ; ഈ ലാഭത്തിൽ ഓരോ വർഷവും എത്ര തുക വീതം ലാഭവിഹിതമായി ഗവൺമെന്റിനു നൽകി;

(ഡി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് കഴിഞ്ഞ ആറു വർഷത്തിൽ ഓരോ വർഷവും നേടിയ ലാഭത്തിന്റെയും സർക്കാരിന് നൽകിയ ലാഭ വിഹിതത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 |
|---|---|---|---|---|---|---|
| നികുതി കഴിച്ച ലാഭം (തുക ലക്ഷത്തിൽ) | 330.65 | 360.53 | 377.06 | 410.36 | 281.90 | 442.98 |
| സർക്കാരിന് നൽകിയ ലാഭ വിഹിതം (തുക ലക്ഷത്തിൽ) | 30.00 | 30.00 | 42.00 | 42.00 | 42.00 | 42.00 |

(ഇ) വളരെയേറെ ലാഭമുണ്ടാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വിദേശ കമ്പനികളുമായി ധാരണയിലെത്താനുള്ള നീക്കം തടയുന്നതിനും എന്തു നടപടികളാണു സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

(ഇ) വിദേശ കമ്പനികളുമായി ധാരണയിലെത്താനുള്ള നീക്കം നടത്തുന്നില്ല.

സെക്ഷൻ ഓഫീസർ